# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നം. 288 — 03.04.2013-ലെ മറുപടിക്ക്

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വികസന ഫണ്ട് പിൻവലിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.ആർ.രാജേഷ്<br>ശ്രീ.എ.കെ.ബാലൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.എം.ഹംസ | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പു മന്ത്രി) |
| എ) നാലാം ധനകാര്യ കമ്മീഷന്റെ ശുപാർശ പ്രകാരം തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾക്ക് നൽകിയ വികസന ഫണ്ട് പിൻവലിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ എന്തായിരുന്നുവെന്നറിയിക്കുമോ ; | എ) നാലാം ധനകാര്യ കമ്മിഷന്റെ ശുപാർശ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് 2012-13 ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IV പ്രകാരം നൽകിയ വികസന ഫണ്ട് പിൻവലിച്ചുകൊണ്ട് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ നികുതി പിരിവിനെ അടിസ്ഥാനമാക്കി പഞ്ചായത്ത് ഡയറക്ടർ ഹാജരാക്കിയ വിവരമനുസരിച്ച് 22.02.2013-ൽ ജി.ഒ.(പി) നം.99/2013/ധന. പ്രകാരം ഗ്രാമപഞ്ചായത്തുകൾക്കുള്ള വികസന ഫണ്ടിന്റെ 10% വിഹിതം പുതുക്കി ഉത്തരവായിരുന്നു. ഇത് 22.03.2013-ൽ റദ്ദാക്കിയിട്ടുണ്ട്. ആയതിനാൽ 2012-13-ലെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം IV പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിട്ടുള്ള വികസന ഫണ്ട് തന്നെയാണ് നൽകിയത്. |

ബി) പദ്ധതിനിർവ്വഹണത്തിന്റെ അവസാനഘട്ടത്തിൽ ഇത്തരത്തിൽ ഫണ്ട് പിൻവലിച്ചത് പദ്ധതി നിർവ്വഹണത്തെ ഏതുതരത്തിൽ ബാധിക്കുമെന്ന് വിലയിരുത്തിയിരുന്നോ ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

ബി) & സി) സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ വികസന ഫണ്ട് അതേപടി നിലനിർത്തിയിട്ടുള്ളതിനാൽ പദ്ധതി നിർവ്വഹണത്തെ ബാധിക്കുന്നില്ല.

സി) ഈ പ്രതിസന്ധി തരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ ?

സെക്ഷൻ ഓഫീസർ